**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2445 19.03.2015-ൽ മറുപടിക്ക്**

**കാസർകോട് ജനറൽ ആശുപത്രിയിലെ ഫിസിയോതെറാപ്പി സെന്ററിന്റെ പ്രവർത്തനം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.എൻ.എ.നെല്ലിക്കുന്ന്** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കാസർകോട് ജനറൽ ആശുപത്രിയിൽ ഫിസിയോതെറാപ്പി സെന്റർ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ഇപ്പോഴത്തെ പ്രവർത്തനം എങ്ങനെയാണ് വിലയിരുത്തുന്നത്; വ്യക്തമാക്കുമോ; | (എ) കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഫിസിയോതെറാപ്പി സെന്റർ പ്രവർത്തിക്കുന്നുണ്ട്. ടി ആശുപത്രിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഫിസിയോ തെറാപ്പിസ്റ്റിന്റെ തസ്തികയിൽ നിയമനം നടത്തിയിട്ടുണ്ട്. |
| (ബി) ഫിസിയോ തെറാപ്പി സെന്ററിലെ ഡോക്ടർ സ്ഥലം മാറി പോയിട്ടും പകരം ഡോക്ടർ എത്തിയില്ലാ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(സി) നിത്യേന നൂറോളം രോഗികൾ ചികിത്സ ക്കെത്തുന്ന പ്രസ്തുത കേന്ദ്രത്തിൽ ഡോക്ടറെ നിയമിക്കാത്തത് ഫിസിയോ തെറാപ്പി സെന്റർ നിർത്താനുള്ള നീക്കത്തിന്റെ ഭാഗമാണോ; വ്യക്തമാക്കുമോ? | (ബി) & (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡോക്ടറെ നിയമിക്കാത്തത് ഫിസിയോ തെറാപ്പി സെന്റർ നിർത്താനുള്ള നീക്കത്തിന്റെ ഭാഗമല്ല. ഫിസിയോ തെറാപ്പി സെന്ററിലെ ഒഴിവുള്ള ഡോക്ടറുടെ തസ്തികയിലേക്ക് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ ബിരുദമുള്ള അസിസ്റ്റന്റ് സർജൻ / സിവിൽ സർജൻ ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് ആയതിന്റെ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അത് പ്രകാരമുള്ള സീനിയോരിറ്റി ക്രമത്തിൽ ഡോക്ടറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ